**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2471** **15-10-2024 - ൽ മറുപടിയ്ക്ക്**

**റിസർവ് ബാങ്കിന്റെ ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം നടപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഉല്പന്നങ്ങൾ കടമായി കൊടുക്കുമ്പോൾ പണം തിരികെ കിട്ടാനുള്ള താമസം കാരണം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സാമ്പത്തിക ഞെരുക്കം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി റിസർവ് ബാങ്ക് ട്രേഡ് റിസിവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ട് സിസ്റ്റം (ട്രേഡ്സ്) നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) പ്രധാന പങ്ക് വഹിക്കുന്നു. വർഷങ്ങളായി ഈ മേഖലയ്ക്ക് മതിയായ ധനസഹായം ലഭിക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇതിന്റെ പ്രധാന കാരണം അവരുടെ വ്യാപാരത്തിൽ നിന്ന് ലഭിക്കുന്ന തുക ലിക്വിഡ് ഫണ്ടുകളാക്കി മാറ്റാനുള്ള അവരുടെ കഴിവിന്റെ അപര്യാപ്തത മൂലമാണ്. ഇന്ത്യ ഉടനീളമുള്ള MSME-കൾ നേരിടുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന്, ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (ടി.ആർ.ഇ.ഡി.എസ്) രൂപപ്പെടുത്തിയിട്ടുണ്ട്.<br><br>ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ഉല്പന്നങ്ങൾ കടമായി കൊടുക്കുമ്പോൾ പണം യഥാസമയം തിരികെ കിട്ടാനുള്ള കാല താമസംഒഴിവാക്കുവാൻ ഒന്നിലധികം ഫിനാൻസിയർമാർ മുഖേന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എംഎസ്എംഇ) വ്യാപാരം ലഭിക്കുന്നതിനുള്ള ധനസഹായം / കിഴിവ് സുഗമമാക്കുന്നതിനുള്ള റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഒരു ഇലക്ട്രോണിക് പ്ലാറ്റ്ഫോമാണ് TReDS.<br><br>GO (MS) No.40/2022/ID തീയതി 16-5-2022 പ്രകാരം, സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/കമ്പനികൾ, |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്കും TReDSൽ പങ്കെടുക്കാൻ അനുമതി നൽകിയിട്ടുണ്ട് |
| (സി) | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും എം.എസ്.എം.ഇ. കളും ട്രേഡ്സ് ഫ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രോത്സാഹന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ/സൊസൈറ്റികൾ എന്നിവ ഉൾപ്പെടുന്ന എല്ലാ അപെക്സ് കോ-ഓപ്പറേറ്റീവുകൾക്കും എം.എസ്.എം.ഇകളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ട്രേഡ്സിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വിവിധ ഫൈനാൻസിയർമാർ മുഖേന ലഭിക്കുന്ന തുക പണമാക്കി മാറ്റി പ്രവർത്തന മൂലധനമാക്കി ഉപയോഗിക്കുവാൻ എം.എസ്.എം.ഇകൾക്ക് സൗകര്യമൊരുക്കാൻ സജ്ജീകരിച്ച ഓൺലൈൻ പ്ലാറ്റ്ഫോമാണ് ട്രേഡ്സ്. കൃത്യസമയത്ത് ലഭിക്കേണ്ട തുകകൾ എൻക്യാഷ് ചെയ്യുക, ക്രെഡിറ്റ് റിസ്ക് പരമാവധി ഇല്ലാതാക്കുക എന്നിവയാണ് ഈ പ്ലാറ്റ്ഫോമിന്റെ പ്രധാന ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങളെ ട്രേഡ്സ് പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ശില്പ്പശാല BPT യുമായി സഹകരിച്ചുകൊണ്ട് സംഘടിപ്പിച്ചിരുന്നു. തുടർന്നും ഇത്തരം ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്.<br><br>കേരളീയത്തിന്റെ ഭാഗമായി MSMEകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും TReDS-ന്റെ സങ്കീർണതകളെയും നേട്ടങ്ങളെയും കുറിച്ച് സമഗ്രമായ ധാരണ നൽകുന്നതിനായി ഒരു ശിൽപശാല നടത്തിയിട്ടുണ്ട്.<br><br>നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 10 പൊതുമേഖലാ സ്ഥാപനങ്ങൾ TReDS രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി TReDS പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ